പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7239 — 03.11.2011 – ൽ മറുപടിയ്ക്ക്

## കൃഷി വികസിപ്പിക്കുന്നതിനായി ജലസ്രോതസ്സുകളുടെ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ.എം.പി. വിൻസെന്റ്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ.ഐ.സി. ബാലകൃഷ്ണൻ | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) കൃഷി വികസിപ്പിക്കുന്നതിനായി ജല സ്രോതസ്സുകളുടെ നിർമ്മാണം സംബന്ധിച്ചുള്ള പദ്ധതികൾക്ക് രൂപം നൽകുന്ന കാര്യം പരിഗണിക്കുമോ; | (എ) ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം ജലസ്രോതസുകളുടെ നിർമ്മാണത്തിനായി നിലവിൽ ധനസഹായം നൽകുന്നുണ്ട്. |
| (ബി) ജലസേചനത്തിനായി സാമൂഹികാടിസ്ഥാനത്തിലും വ്യക്തിഗതവുമായ ജലസ്രോതസ്സുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾക്ക് രൂപം നൽകുമോ; | (ബി) ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരം സാമൂഹികാടിസ്ഥാനത്തിലും വ്യക്തിഗതവുമായ ജലസ്രോതസ്സുകൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നുണ്ട്. സാമൂഹികാടിസ്ഥാനത്തിൽ ജലസ്രോതസ്സുകൾ നിർമ്മിക്കുന്നതിന് ചെലവിന്റെ 100% ധനസഹായം നൽകുന്നു. 1 ഹെക്ടർ കൃഷി സ്ഥലം നനയ്ക്കുന്നതിനുള്ള ഒരു ജലസ്രോതസ്സ് നിർമ്മിക്കുന്നതിന് സമതല പ്രദേശങ്ങളിൽ 1.5 ലക്ഷം രൂപയും മലയോര പ്രദേശങ്ങളിൽ 1.725 ലക്ഷം രൂപയും ധനസഹായം നൽകുന്നു. ഇപ്രകാരം 10 ഹെക്ടർ വരെ കൃഷി സ്ഥലം നനയ്ക്കുന്നതിനുള്ള ജലസ്രോതസ്സ് നിർമ്മിക്കുന്നതിന് ആനുപാതികമായി ധനസഹായം നൽകുന്നതാണ്. |
| (സി) ഇതിന് കൃഷി വകുപ്പിന്റെ കീഴിലുള്ള കോർപ്പറേഷനുകളുടേയും സർവ്വകലാശാലകളുടേയും സേവനം പ്രയോജനപ്പെടുത്തുമോ? | (സി) മേൽപ്പറഞ്ഞ പദ്ധതി കൃഷി വകുപ്പിന് കീഴിലുള്ള സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ